**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2561** **12-10-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി കോളനികളുടെ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എ . പി . അനിൽ കുമാർ** | | **Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വൈദ്യുതീകരിക്കാത്ത അറുപത്തിനാല് ആദിവാസി കോളനികളുടെ വൈദ്യുതീകരണത്തിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ 64 വൈദ്യുതീകരിക്കാത്ത ആദിവാസി കോളനികളിൽ 47 കോളനികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഗോത്രവർഗ്ഗ ഊരുകൾ വനാന്തർ ഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ ഈ പ്രദേശത്തെ വൈദ്യുതീകരണത്തിനു വനത്തിൽ കൂടി ലൈൻ വലിക്കുന്നതിനു വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുന്നതും വളരെ കുറച്ച് കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടതായി വരുന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. അതിനാൽ വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കു ന്നതിനായി സംസ്ഥാന ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും വൈദ്യുതീകരണത്തിനു ആവശ്യമായ തുക ലഭ്യമാകുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം പൂർത്തിയാക്കാവുന്നതാണ്. വൈദ്യുതി കണക്ഷൻ ഇല്ലാത്തതു കാരണം ഓൺലൈൻ പഠനം മുടങ്ങുന്ന വിദ്യാർഥികളുടെ വീടുകളിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ, പാലക്കാട് ജില്ലയിലെ പുദൂർ പഞ്ചായത്ത് സൈലന്റ് വാലി ദേശീയ ഉദ്യാനത്തിനടുത്ത് സ്ഥിതി ചെയ്യുന്ന, ആനവായിക്കടുത്തുള്ള തടുക്കിയിലെ ആദിവാസി ഊരുകളിൽ കുന്തിപ്പുഴയിലേക്ക് വരുന്ന അരുവിയിൽ മൈക്രോ ജലവൈദ്യുത പദ്ധതി നടപ്പിലാക്കി വൈദ്യുതി എത്തിക്കാനുള്ള പ്രാഥമിക പഠന റിപ്പോർട്ട് പാലക്കാട് ജില്ലാ കളക്ടർക്ക് നൽകുകയും, അതിനെത്തുടർന്ന് സർവേക്കുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. നിലവിൽ പദ്ധതിയുമായി ബന്ധപ്പെട്ട് സൈലെന്റ് വാലി പ്രദേശത്ത് വേണ്ട ഇൻവെസ്റ്റിഗേഷൻ/ സർവ്വേ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്കായി അനുമതി നൽകാൻ വനം വകുപ്പിന് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. സർവ്വേ അനുമതി ലഭിക്കുന്ന മുറക്ക് ഡി.പി.ആർ തയ്യാറാക്കി പദ്ധതിയുമായി മുന്നോട്ട് പോകുവാൻ ഇ.എം.സി തയ്യാറെടുത്തിട്ടുണ്ട്. |
| (ബി) | കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സുകൾ ഉൾപ്പെടെ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഈ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ 64 വൈദ്യുതീകരിക്കാത്ത ആദിവാസി കോളനികളിൽ 47 കോളനികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഗോത്രവർഗ്ഗ ഊരുകൾ വനാന്തർ ഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ ഈ പ്രദേശത്തെ വൈദ്യുതീകരണത്തിനു വനത്തിൽ കൂടി ലൈൻ വലിക്കുന്നതിനു വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുന്നതും വളരെ കുറച്ച് കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടതായി വരുന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. അതിനാൽ വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കു ന്നതിനായി സംസ്ഥാന ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും വൈദ്യുതീകരണത്തിനു ആവശ്യമായ തുക ലഭ്യമാകുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം പൂർത്തിയാക്കാവുന്നതാണ്. വൈദ്യുതി കണക്ഷൻ ഇല്ലാത്തതു കാരണം ഓൺലൈൻ പഠനം മുടങ്ങുന്ന വിദ്യാർഥികളുടെ വീടുകളിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ, പാലക്കാട് ജില്ലയിലെ പുദൂർ പഞ്ചായത്ത് സൈലന്റ് വാലി ദേശീയ ഉദ്യാനത്തിനടുത്ത് സ്ഥിതി ചെയ്യുന്ന, ആനവായിക്കടുത്തുള്ള തടുക്കിയിലെ ആദിവാസി ഊരുകളിൽ കുന്തിപ്പുഴയിലേക്ക് വരുന്ന അരുവിയിൽ മൈക്രോ ജലവൈദ്യുത പദ്ധതി നടപ്പിലാക്കി വൈദ്യുതി എത്തിക്കാനുള്ള പ്രാഥമിക പഠന റിപ്പോർട്ട് പാലക്കാട് ജില്ലാ കളക്ടർക്ക് നൽകുകയും, അതിനെത്തുടർന്ന് സർവേക്കുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. നിലവിൽ പദ്ധതിയുമായി ബന്ധപ്പെട്ട് സൈലന്റ് വാലി പ്രദേശത്ത് വേണ്ട ഇൻവെസ്റ്റിഗേഷൻ/ സർവ്വേ പ്രവർത്തനങ്ങൾക്കായി അനുമതി നൽകാൻ വനം വകുപ്പിന് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. സർവ്വേ അനുമതി ലഭിക്കുന്ന മുറക്ക് ഡി.പി.ആർ തയ്യാറാക്കി പദ്ധതിയുമായി മുന്നോട്ട് പോകുവാൻ ഇ.എം.സി തയ്യാറെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ